KPSTA
Kerala Pradesh School Teachers' Association
Central Committee Office . KPSTA Adyapaka Bhavan,
Chinmaya School Lane, Kunnumpuram, Thiruvananthapuram. Ph : 0471 2575797
Recognised as per G.O. (MS) 289/63 Dt.29/4/1963 & GO (RT) 2317/2016 Gen.Edn. Dt.15/7/2016
&GO(RT)533/2018Gen.Edn. Dt.02/02/2018
www.kpsta.in

| President | General Secretary | Treasurer |
|---|---|---|
| V.K AJITHKUMAR | M. SALAHUDEEN | S. SANTHOSHKUMR |
| Mob : 9846154858 | Mob : 9447041019 | Mob : 9447721104 |
| ajithkpsta@gmail.com | salahudeenkpsta@gmail.com | santhoshkonni@gmail.com |

Date..............

സ്വീകർത്താവ്

പൊതുവിദ്യാഭ്യാസ സെക്രട്ടറി

കേരളം

സർ,

വിഷയം:- പ്രീപ്രൈമറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം :

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയുടെ അവിഭാജ്യഘടകമായ പ്രീപ്രൈമറി മേഖലയും ഈ മേഖലയിൽ ജോലി ചെയ്യുന്ന അധ്യാപികമാരുടെയും ആയമാരുടെയും ആവശ്യങ്ങൾ ഗൗരവമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. 01.08.2012 ന് ശേഷം ആരംഭിച്ച പ്രീപ്രൈമറി സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടിയുണ്ടാകണം.

2. 2012-13 വർഷം മുതൽ ആരംഭിച്ച സ്കൂളുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം, പാഠപുസ്തകങ്ങൾ, അദ്ധ്യാപക സഹായി എന്നിവ ഇപ്പോൾ ലഭ്യമാകുന്നില്ല. കുട്ടികളുടെ ആരോഗ്യ, വിദ്യാഭ്യാസ താൽപര്യം മുൻനിർത്തി ആയത് ലഭ്യമാക്കാൻ നടപടിയെടുക്കണം.

3. സർക്കാർ എയ്ഡഡ് വ്യത്യാസമില്ലാതെ എല്ലാ പ്രീപ്രൈമറി സ്കൂളുകളിലെയും(2012-12-13 ന് മുമ്പുള്ളവയ്ക്കും) കുട്ടികൾക്ക് പാഠപുസ്തകങ്ങൾ ലഭ്യമാക്കണം

4. പ്രീപ്രൈമറി മേഖലയിലെ വിദ്യാർത്ഥികൾക്കു വേണ്ട പഠന പ്രവർത്തനങ്ങളോടപ്പം അവരുടെ ആരോഗ്യ- പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് കൂടി സഹായം നൽകുന്ന പ്രീപ്രൈമറി അധ്യാപികമാർക്കും ആയമാർക്കും ഓണറേറിയത്തിന് പകരം ശമ്പള സ്കെയിൽ അനുവദിച്ച് ശമ്പളം തിട്ടപ്പെടുത്തി നൽകാൻ നടപടി സ്വീകരിക്കണം.

5. ഇപ്പോൾ ലഭിക്കുന്ന ഓണറേറിയം ഭൂരിപക്ഷം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും യഥാസമയം പ്രീപ്രൈമറി ജീവനക്കാർക്ക് ലഭ്യമാകുന്നില്ല. ആയത് എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പായി വിതരണം ചെയ്യാൻ ആവശ്യമായ നിർദ്ദേശം നൽകണം.

6. 2019- 20 ബഡ്ജറ്റിൽ പ്രീപ്രൈമറി ജീവനക്കാർക്ക് വർദ്ധിപ്പിച്ച ഓണറേറിയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

7. പ്രീ പ്രൈമറി മേഖലയ്ക്ക് നൽകിയ പാഠപുസ്തകങ്ങൾ അധ്യാപക സഹായി യഥാവിധി ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ പരിശീലനങ്ങൽ സർക്കാർ, എയ്ഡഡ് വ്യത്യാസമില്ലാതെ അധ്യാപികമാർക്ക് നൽകാൻ ഉടനടി നടപടിയെടുക്കണം.

8. പ്രീപ്രൈമറി അധ്യാപിക- ആയ- വിദ്യാർത്ഥി അനുപാതം 1:1:20 ആക്കണം.

മേൽ സൂചിപ്പിച്ച വിഷയങ്ങൾ ഗൗരവമായി പരിഗണിച്ച് അടിയന്തര പരിഹാരമുണ്ടാക്കണമെന്ന വിനീതമായി അഭ്യർത്ഥിക്കുന്നു.

വിശ്വാസപൂർവ്വം

വികെ.അജിത്കുമാർ
സംസ്ഥാനപ്രസിഡന്റ്

എം. സലാഹുദ്ദീൻ
ജനറൽ സെക്രട്ടറി

എൽ. ബീനാകുമാരിയമ്മ
ചെയർപേഴ്സൺ

കെ.പി. കാമാക്ഷിഗൗതം
കൺവീനർ

പ്രീപ്രൈമറി സെൽ, കെ.പി.എസ്.ടി.എ